42

# വിവാദങ്ങൾ വരുമ്പോൾ പരിഭ്രാന്തിപ്പെടരുത്

## (15:1-18)

വിവാദം എനിക്കിഷ്ടമല്ല. എനിക്കു ചൂടുപിടിച്ച വാദപ്രതിവാദ വും ഉച്ചത്തിലുള്ള ശബ്ദവും ഇഷ്ടമല്ല. ചില ആത്മാക്കളിൽ നിന്നു വിവാദ ത്തിന്റെ വൈരൂപ്യവും തരം താഴ്ന്നതും ഞാൻ അപലപിക്കാറുണ്ട്. വിവാദം എന്നെ ശാരീരികമായി രോഗിയാക്കും. എന്നിരുന്നാലും, വിവാദം ജീവിതവസ്തുത തന്നെയാണ്. ദൈവജനത്തിനിടയിൽ പോലും (മത്തായി 10:34-36; ലൂക്കൊസ് 12:51-53; 1 കൊരിന്ത്യർ 11:18, 19). പ്രവൃത്തികൾ 15-ൽ സഭയിൽ ഉണ്ടായ വിവാദങ്ങളുടെ രണ്ടു നല്ല ഉദാഹരണങ്ങൾ കാണാം: 1 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ ഉപദേശപരമായ വിയോജിപ്പ് കാണാം; 36 മുതൽ 41 വരെയുള്ള വാക്യങ്ങളിൽ വ്യത്യസ്തമായ അഭി പ്രായങ്ങളും കാണാം. ആദ്യത്തെ വിവാദം ഒരു ഇടവക ഉൾപ്പെട്ടതായി രുന്നു;[1] രണ്ടാമത്തേതു രണ്ടു ക്രിസ്ത്യാനികൾ ഉൾപ്പെട്ടതാണ്. ചോദ്യം "സഭയിൽ നമുക്കു വിവാദം ഉണ്ടോ?" എന്നല്ല പക്ഷേ "വിവാദം വരു മ്പോൾ അതിനെ എങ്ങനെ കൈകാര്യം ചെയ്യണം?" എന്നതാണ്.

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, 15:1-31 വരെ കത്തിക്കൊണ്ടിരുന്ന പ്രശ്നം നാം പരിശോധിക്കാം. ഈ പാഠത്തിലും അടുത്തതിലും, നാം അടിസ്ഥാന വേദഭാഗത്തിലേക്കു മടങ്ങിവന്ന് ഒരിടവകയിൽ വിശാലമായി ഉയർന്ന വിവാദത്തെ[2] പൗലൊസും മറ്റും എങ്ങനെ കൈകാര്യം ചെയ്തു എന്നു നോക്കാം. പിന്നീട്, 15-ാം അദ്ധ്യായത്തിലെ അവസാന വാക്യങ്ങ ളിൽ പരാമർശിക്കുന്ന ക്രിസ്ത്യാനികൾ തമ്മിലുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങളും നോക്കാം.

### അതു തന്നെത്താൻ പോകുമോ?ന (15:1-2)

ചിലർ പോരാട്ടത്തെ കണ്ടില്ലെന്നു നടിച്ച് "കൈകാര്യം" ചെയ്യും. ഒരുപക്ഷേ പോരാട്ടം ഉണ്ടെന്നു പോലും അവർ സമ്മതിക്കയില്ല.

കൗൺസലേഴ്സ് ഇതിനെ "ഉൾവലിയൻ സമീപനം" എന്നു വിളിക്കുന്നു. അയാൾക്കു തന്നെയോ പോരാട്ടം ഉണ്ടാക്കുന്നവരെയോ ബഹുമാനം ഇല്ല എന്നാണിവർ പറയുന്നത്. ഈ സമീപനത്തിന്, ഒരിക്കലും, പ്രശ്നം പരിഹരിക്കാൻ കഴിയില്ല. യെരുശലേമിൽ നിന്നു ദുരുപദേഷ്ടാക്കൾ വന്നപ്പോൾ (വാക്യം 1), പൗലൊസും ബർന്നബാസും പ്രശ്നത്തെ കണ്ടില്ലെന്നു നടിച്ചില്ല, അതങ്ങനെ ഇല്ലാതായിക്കൊള്ളും എന്നും വിചാരിച്ചില്ല. മറിച്ച്, അവർ അതിനെ കൈകാര്യം ചെയ്തു (വാക്യം 2). പെട്ടെന്നോ, അല്ലെങ്കിൽ പിന്നെയോ ഇടവകയിൽ ഉണ്ടാകുന്ന വിവാദം കൈകാര്യം ചെയ്യണം – വൈകാതെ ചെയ്യുന്നതാണ് ഏറ്റവും എളുപ്പം.[3]

ചിലർ പോരാട്ടത്തിൽ "പിൻവലിയൽ" സമീപനം ഏറ്റവും അറ്റത്താക്കും, പ്രശ്നങ്ങൾ ഉള്ള ഇടവകയിൽ നിന്നു സ്ഥിരമായി പിൻമാറും വർഷങ്ങൾക്കു മുൻപു ഈ വിധത്തിൽ ആരാധനയ്ക്കു വരാതായ ധാരാളം പേരെ എനിക്കറിയാം. "കാരണം സ്വദേശത്തെ സഭയിൽ കുഴപ്പങ്ങളാണ്." അന്ത്യോക്ക്യ സഭയിലെ ആരും "സഭയിലെ അംഗങ്ങൾ ഇങ്ങനെ വാദിക്കയും തർക്കിക്കയും ചെയ്യുകയാണെങ്കിൽ ഞങ്ങൾ ഇനി ആരാധനയ്ക്കില്ല" എന്ന് പറഞ്ഞില്ല! ഇടവകയിലെ വിവാദം കൈകാര്യം ചെയ്യുന്നതിനു മുൻപു ആദ്യം നമുക്കു വിവാദത്തോടുള്ള മനോഭാവം മാറ്റേണ്ടതുണ്ട്. നമുക്കാർക്കും കുഴപ്പം ഇഷ്ടമല്ല,[4] പക്ഷേ അതു നമ്മുടെ ഇടയിൽ വന്നാൽ, അതു പരിഹരിക്കാൻ സഹായിക്കണം. അല്ലാതെ ഓടുകയല്ല വേണ്ടത്.

**അതിനോടു പോരാടുന്നതു യോഗ്യമോ? (15:2)**

സഭാ വിവാദത്തെ കൈകാര്യം ചെയ്യുന്നതിൽ, ഒരാൾ ആദ്യം വിയോജിപ്പിന്റെ സ്വാഭാവമെന്തെന്ന് തീരുമാനത്തിലെത്തണം. നാം സംസാരിക്കുന്നതു ഉപദേശകരമായ തർക്കമാണോ (പ്രവൃത്തികൾ 15 ലേതു പോലെ) അല്ലെങ്കിൽ ആരുടേയും വ്യക്തിപരമായ വികാരത്തെ വൃണപ്പെടുത്തിയതാണോ (പ്രവൃത്തികൾ 6 ലേതു പോലെ)? വാസ്തവത്തിലുള്ള ഉപദേശപരമായ തർക്കം താരതമ്യേന കുറവാണ്, ചിലപ്പോൾ സംഭവിക്കയും ചെയ്യുന്നു എന്നതാണ് എന്റെ അനുഭവം. അങ്ങനെയെങ്കിൽ, യൂദയുടെ ആത്മിക വർദ്ധനക്കുള്ള നിർദ്ദേശം യോജിച്ചതാണ്: "വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതാൻ ആവശ്യം എന്നു തോന്നി" (യൂദാ 3). ഇക്കാരണത്താൽ, "പൗലൊസിനും ബർന്നബാസിനും അവരോട് അല്പമല്ലാത്ത വാദവും തർക്കവും ഉണ്ടായി" (പ്രവൃത്തികൾ 15:2).

മിക്ക ഇടവകകളിലേയും വിവാദങ്ങൾ, എങ്ങനെയായാലും, തത്വങ്ങളേക്കാൾ കൂടുതൽ വ്യക്തിത്വം ഉൾപ്പെടുന്നതാണ്. ചിലപ്പോൾ ചിലർ ചിന്തിക്കും (ശരിയായോ തെറ്റായോ) അയാളോട് ആരെങ്കിലും മോശമായി പെരുമാറിയതാകാം. മിക്ക കാര്യങ്ങളിലും അതു വചനപ്രകാരം കൈകാര്യം ചെയ്താൽ, വളരെക്കുറച്ചു പേർ മാത്രമേ ഉൾപ്പെട്ടിരിക്കയുള്ളു, എന്നാൽ വാദിക്കുന്നവരും തർക്കിക്കുന്നവരും അവരുടെ ഭാഗത്ത് ആളുകളെ കൂട്ടാനായി ശ്രമിക്കും അങ്ങനെ അതു ഇടവക മുഴുവനും ഉൾപ്പെടുന്ന തർക്കമായിത്തീരും. ഇടവകകളിലെ അഭക്തിയുടെ

തന്ത്രം മെനയുന്നവർ ഓർമ്മിക്കേണ്ടത് ദൈവം – വെറുക്കുന്ന – പട്ടികയിലുള്ളവൻ ''സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നവൻ തന്നെ'' (സദൃശവാക്യങ്ങൾ 6:16, 19).[5]

ഉപദേശപരമായ തത്വം അത്യന്താപേക്ഷിതമായി ഉൾപ്പെട്ടതാണെങ്കിൽ, നാം പൗലൊസിന്റെ ഉദാഹരണം എടുക്കണം. "സുവിശേഷത്തിന്റെ സത്യം ... നിലനില്ക്കേണ്ടതിനു ഒരു നാഴിക പോലും, ... വഴങ്ങിക്കൊടുത്തില്ല" (ഗലാത്യർ 2:5). മറിച്ച്, പ്രശ്നം വികാരത്തെ വ്യണപ്പെടുത്തിയതാണെങ്കിൽ അല്ലെങ്കിൽ അഭിപ്രായ വ്യത്യാസമാണെങ്കിൽ, "ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മിക വർദ്ധനവിനും ഉള്ളതു ശ്രമിച്ചു കൊൾക" (റോമർ 14:19). നമ്മുടെ ആത്മാഭിമാനത്തിന് ക്ഷതമേറ്റതു മറന്ന് മറ്റുള്ളവരുടെ ജ്ഞാനത്തെ അംഗീകരിക്കാൻ പഠിക്കണം. യേശു മരിച്ചത് സഭയുടെ സമാധാനത്തിനും ഐക്യതയ്ക്കും വേണ്ടിയാണ് (പ്രവൃത്തികൾ 20:28). നമ്മുടെ വികാരങ്ങളേക്കാൾ, അഭിപ്രായങ്ങളെക്കാൾ അതാണ് സുപ്രധാനം.

### സഹായം അന്വേഷിക്കാമോ? (15:2)

അന്ത്യോക്ക്യയിൽ വിവാദം ഉയർന്നപ്പോൾ, "പൗലൊസും ബർന്നബാസും അവരിൽ മറ്റു ചിലരും ഈ തർക്ക സംഗതിയെപ്പറ്റി യെരുശലേമിൽ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ പോകേണം എന്നു നിശ്ചയിച്ചു" (വാക്യം 2). ഈ പ്രത്യേക സാഹചര്യത്തിൽ ബൈബിൾ തത്വം ഉൾപ്പെട്ടിരിക്കയാൽ ദൈവശ്വാസിയ പുരുഷന്മാരെ (അപ്പൊസ്തലന്മാരെ) അന്ത്യോക്ക്യയിലെ സഹോദരന്മാർ അന്വേഷിച്ചത് നമുക്ക് ഒരു പ്രശ്നം ഉണ്ടാകുമ്പോൾ നാം പുതിയ നിയമം പരിശോധിക്കുന്നതിനു തുല്യമാണ്. എങ്ങനെയായാലും, ഒരു പൊതുവായ തത്വം വേദഭാഗത്തു നിന്നെടുക്കുന്നതു തെറ്റല്ല: ഓരോ ഇടവകയും ആട്ടോണമസ് (സ്വയം – ഭരണം) ആണെങ്കിലും, അതു അനുവദനീയവും ചിലപ്പോൾ ഇടവക മറ്റു ഇടവകയിലെ അദ്ധ്യക്ഷന്മാരെ വിളിച്ച് പ്രശ്നപരിഹാരം കണ്ടെത്തുകയും ചെയ്യാം.

സാധാരണ, ഇതു പരോക്ഷമായിട്ടാണ്, ഇത്തരം പോരാട്ടത്തിൽ ദൈവഭക്തരുടെ ഉപദേശം നേടുന്നതും അവരുടെ അഭിപ്രായത്തെ മാനിക്കുന്നതും ഞങ്ങൾ ചെയ്യേണ്ടതിനെക്കുറിച്ച് ഞാനും എന്റെ സഹോദരൻ കോയും ആസ്ത്രേലിയയിലായിരുന്നപ്പോൾ ഞങ്ങളെ സന്ദർശിച്ച ഒരു സഹോദരനോട് ചോദിച്ചത് ഞാൻ ഓർക്കുന്നു. ചിലപ്പോൾ, എങ്ങനെയായാലും, നേരിട്ടു സഹായം തേടാം. എതിർ കാഴ്ച്ചപ്പാടുകളെ പരിഹരിക്കുവാൻ ഇടവകകൾ യോഗങ്ങൾ വിളിച്ച് ബഹുമാന്യസഹോദരങ്ങളെ പ്രശ്നപരിഹാരം തേടുന്നതു ഞാൻ കണ്ടിട്ടുണ്ട്. ആ ഇടവകയിൽ തീരുമാനങ്ങൾ എടുക്കുവാൻ ഇങ്ങനെ വരുന്ന സഹോദരങ്ങൾക്കു ഒരധികാരവുമില്ല, പക്ഷേ ഈ വിവാദച്ചുഴിയിൽ പെട്ടിരിക്കുന്നവരേക്കാൾ അതിനു പരിഹാരം കാണാൻ അവർക്കു കഴിയും.[6]

എപ്പോഴാണ് പുറത്തു നിന്നു സഹായത്തിനു വിളിക്കേണ്ടതെന്നും വിളിക്കരുതാത്തതെന്നും പറയാൻ എനിക്കാവുകയില്ല. ഞാൻ ഊന്നി പറഞ്ഞതു, നിങ്ങളുടെ ഇടവകയിൽ ഒരു പ്രശ്നം ഉണ്ടായിട്ട്, അതു പരി

ഹരിക്കപ്പെടാതിരുന്നാൽ പുറത്തു നിന്നുള്ള സഹോദരങ്ങളുടെ സഹായത്തിനു അപേക്ഷിക്കുന്നതിൽ തെറ്റില്ല. അതിൽ ദുരഭിമാനമോ, അഹംഭാവമോ വെച്ചു കൊണ്ടിരിക്കരുത് എന്നത്രേ.

പ്രവൃത്തികൾ 15 ലെ സംഭവങ്ങൾ, സഭയിലെ കാര്യങ്ങൾ *തീർപ്പാക്കുവാൻ സഭയ്ക്കു പുറത്ത് - സംഘടനകൾ രൂപീകരിക്കുന്നതിനെ* ന്യായീകരിക്കുന്നില്ല. നാമധേയവിഭാഗങ്ങൾ പ്രവൃത്തികൾ 15 എടുത്തുകൊണ്ട് അവരുടെ സഭകൾ തമ്മിലുള്ള സമ്മേളനത്തെയും കൺവെൻഷനുകളെയും ന്യായീകരിക്കുന്നുണ്ട്. യെരുശലേമിൽ നടന്ന സമ്മേളനത്തെ കത്തോലിക്കാ സഭ വിളിക്കുന്നത് "ഒന്നാം എക്യൂമിനിക്കൽ കൗൺസിൽ" എന്നാണ്. എങ്ങനെയായാലും, പ്രവൃത്തി 15ലെ സാഹചര്യം സഭകളുടെ പ്രതിനിധികൾ ചേർന്ന് വോട്ടിട്ട് പാസാക്കി സഭാപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതല്ല. മറിച്ച്, ഒരു ഇടവകയിൽ അല്ലെന്ന് നാമധേയവിഭാഗങ്ങൾക്കു പോലും അറിയാം:

> കൂടിവരവ്, നാമധേയവിഭാഗങ്ങൾ കരുതുന്നതുപോലെ "സഭാ കൗൺസിൽ" ആയിരുന്നില്ല ... ഓരോ പ്രാദേശികസഭയും സ്വയം ഭരണത്തിലുള്ളവനായിരുന്നു.[7]

> ഇന്ന് സഭയുടെ ജെനറൽ കൗൺസിൽ എന്നറിയപ്പെടുന്നതുമായി യെരുശലേം കൗൺസിൽ എന്ന് വിളിക്കുന്നതുമായി, ചരിത്രത്തിലും, അതിന്റെ ഭരണഘടനയിലും, അല്ലെങ്കിൽ അതിന്റെ വിഷയത്തിലും, ഒരു ബന്ധവുമില്ല. അതു അഭിഷിക്ത പ്രതിനിധികളുടെ കൺവെൻഷൻ ആയിരുന്നില്ല, എന്നാൽ യെരുശലേം സഭ മുഴുവനും കൂടിവന്ന് അന്ത്യോക്ക്യ സഭ അയച്ച പ്രതിനിധികളെ സ്വീകരിക്കയായിരുന്നു.[8]

### എന്റെ അഹങ്കാരം വിഴുങ്ങത്തക്ക വലിയവനാണോ ഞാൻ? (15:2, 3)

അഹംഭാവത്തെക്കുറിച്ച് മുൻപ് ഞാൻ പറഞ്ഞിട്ടുണ്ട്, എന്നാൽ ഈ ഉപദേശം ആവർത്തനയോഗ്യമാണ്: ആവശ്യമെങ്കിൽ നിങ്ങളുടെ അഹംഭാവത്തെ വിഴുങ്ങുവാൻ വലിയവനാകുക. അങ്ങനെ ചെയ്ത ഒരാളുടെ നല്ല മാതൃക ഇവിടെ ചിത്രീകരിക്കാം. ഇവിടെ അന്ത്യോക്ക്യ സഭ യെരുശലേമിലെ മൂപ്പന്മാർ ആ പ്രശ്നത്തെക്കുറിച്ച് എന്തു പറയുന്നു എന്നറിയുവാൻ പുരുഷന്മാരെ യെരുശലേം സഭയിലേക്ക് അയച്ചു (വാക്യം 2), ഇതു പൗലൊസിന്റെ മുഖത്തേറ്റ അടിയായിരുന്നു. ഈ വിഷയത്തെക്കുറിച്ചു സംസാരിക്കുവാൻ മറ്റു അപ്പൊസ്തലന്മാരെപ്പോലെ തന്നെ യോഗ്യത ഉള്ളവനായിരുന്നു പൗലൊസും. തന്റെ ബൈബിൾ പരിജ്ഞാനത്തിനു മറ്റാരും ഒരു സംഭാവനയും ചെയ്തിട്ടില്ല എന്നു പൗലൊസ് പിന്നീട് പറഞ്ഞു (ഗലാത്യർ 1:17; 2:6). പിന്നെ എന്തിനാണ് പൗലൊസ് യെരുശലേമിലേക്കു പോകാൻ സമ്മതിച്ചത്? ഗലാത്യർ 2:2-ൽ അവൻ പറഞ്ഞു, "ഞാൻ [അവൻ] ഒരു വെളിപ്പാട് അനുസരിച്ചത്രേ പോയത്." അന്ത്യോക്ക്യയിലെ സഹോദരങ്ങൾ ആവശ്യപ്പെട്ടതുകൊണ്ട് - സഭയുടെ

ഐക്യതക്കു വേണ്ടി യെരുശലേമിലേക്കു പോകുവാൻ ദൈവം അപ്പൊസ്തലനോട് പറഞ്ഞു. പൗലൊസ് പോകുകയും ചെയ്തു (പ്രവൃത്തികൾ 15:3). ഒരു വലിയ മനുഷ്യനാകണം അങ്ങനെ ചെയ്യുവാൻ. സദൃശവാക്യങ്ങൾ 16:18 പറയുന്നു "വീഴ്ച്ചക്കു മുൻപേ ഉന്നതഭാവം." പലപ്പോഴും, അഹംഭാവമാണ് ഒരു ഇടവകയെ നശിപ്പിക്കുന്നത്. നിങ്ങളുടെ അഹംഭാവത്തെ വിഴുങ്ങത്തക്ക വലിയവനാകുക.

**എനിക്ക് അതിനെക്കുറിച്ച് സംസാരിക്കാൻ മനസുണ്ടോ? (15:3-5)**

എതിർപ്പുകളോട് "പിൻവലിയൽ" സമീപനം സ്വീകരിക്കുന്നവർ പറയുന്നതു: "എനിക്ക് അതിനെക്കുറിച്ചു സംസാരിക്കാൻ ഇഷ്ടമില്ല" എന്നാണ്! ഇതായിരുന്നില്ല പൗലൊസിന്റെയും ബർന്നബാസിന്റെയും മനോഭാവം.

> സഭ[9] അവരെ യാത്ര അയച്ചിട്ടു അവർ ഫൊയ്നീക്യയിലും ശമര്യയിലും കൂടി കടന്നു ജാതികളുടെ മാനസാന്തര വിവരം അറിയിച്ചു സഹോദരന്മാർക്കു[10] മഹാസന്തോഷം വരുത്തി. അവർ യെരുശലേമിൽ[11] എത്തിയാറെ, സഭയും അപ്പൊസ്തലന്മാരും മൂപ്പന്മാരും[12] അവരെ കൈക്കൊണ്ടു; ദൈവം തങ്ങളോടു കൂടെ ഇരുന്നു ചെയ്തതൊക്കെയും അവർ അറിയിച്ചു (വാക്യങ്ങൾ 3, 4).

സ്പഷ്ടമായി, അതൊരു പരസ്യയോഗമായിരുന്നു. അതിൽ പൗലൊസിനെയും ബർന്നബാസിനെയും അവരുടെ പ്രവർത്തനങ്ങളെ വിവരിക്കുവാനും – യെഹൂദ ഉപദേഷ്ടാക്കളുടെ വശം സംസാരിപ്പാൻ അവരെയും അനുവദിച്ചു (വാക്യം 5).

പൗലൊസും ബർന്നബാസും കിട്ടിയ എല്ലാ അവസരവും പ്രശ്നത്തെക്കുറിച്ചു പറയുവാൻ ഉപയോഗിച്ചു. പ്രവൃത്തികൾ 15 ലെ സംഭവമാണ് ഗലാത്യ 2-ൽ പറയുന്നതെങ്കിൽ, 5-ാം വാക്യത്തിൽ പറയുന്ന യോഗത്തിനും 6 മുതൽ 29 വരെയുള്ള വാക്യങ്ങളിൽ പറയുന്ന, യോഗവും തമ്മിൽ നോക്കിയാൽ, പൗലൊസും ബർന്നബാസും യെരുശലേം സഭയിലെ മൂപ്പന്മാരെ തനിയെ നേരിട്ടു കഴിഞ്ഞു. അവർ തുറന്നു പ്രശ്നത്തെ ചർച്ച ചെയ്തപ്പോൾ, അവർ യോജിപ്പുള്ളതായി കണ്ടെത്തി (ദൈവശാസിയരുമായി ഉപദേശ കാര്യങ്ങളെ ചർച്ച ചെയ്തപ്പോൾ), പിന്നെ "... യാക്കൊബും, കേഫാവും യോഹന്നാനും. എനിക്കും [പൗലൊസ്] ബർന്നബാസിനും കൂട്ടായ്മയുടെ വലങ്കൈ തന്നു ..." (ഗലാത്യർ 2:9). അവർ സമാധാനം പുനസ്ഥാപിക്കുന്നതിനു സഭയിലേക്കു പോയി – മുഖ്യകാരണം പൗലൊസും ബർന്നബാസും പ്രശ്നത്തെ തുറന്നു സംസാരിച്ചതുകൊണ്ട്.

എല്ലാ പ്രശ്നങ്ങളും ചർച്ചയിലൂടെ പരിഹരിക്കാവുന്നതല്ല, എന്നാൽ ഒരു കാര്യം തീർച്ചയാണ്: അഭിപ്രായ വ്യത്യാസങ്ങൾ. രണ്ടു വശത്തുള്ളവരും തുറന്നു പറയാതെ ഒരു പ്രശ്നവും പരിഹരിക്കാൻ സാധ്യ*മല്ല.* ഒരു സഹോദരനോട് നിങ്ങൾ വിയോജിപ്പ് ഉണ്ടെങ്കിൽ, ആ മനുഷ്യനുമായി നേരിട്ട് മുഖാമുഖമായി വ്യത്യസ്തതകൾ ചർച്ച ചെയ്ത് പരിഹരിക്കണം.

## ഞാൻ ശ്രദ്ധിക്കാൻ പഠിച്ചിട്ടുണ്ടോ? (15:6, 7)

വിവാദത്തിനു തൃപ്തികരമായ ഒരു തീർപ്പുണ്ടാക്കിയ രണ്ടാമത്തെ പരസ്യയോഗം നടക്കുകയുണ്ടായി: "ഈ സംഗതിയെക്കുറിച്ചു വിചാരിപ്പാൻ അപ്പൊസ്തലന്മാരും മൂപ്പന്മാരും വന്നു കൂടി" (വാക്യം 6). പിന്നീട്, നാം കാണുന്നത് "സഭ ഒക്കെയും വന്നുകൂടി" എന്നാണ് (വാക്യം 22; വാക്യം 12 കൂടെ). വാക്യം 7 പറയുന്നു, "വളരെ തർക്കം ഉണ്ടായ ശേഷം പത്രൊസ് എഴുന്നേറ്റു അവരോടു പറഞ്ഞതു ..." "വളരെ തർക്കം ഉണ്ടായ ശേഷം" എന്ന വാക്കുകളിന്മേൽ ധൃതി പിടിച്ചു പോകേണ്ട."[13] പത്രൊസിന്റെ ഔപചാരിക സംസാരത്തിനു മുൻപ് പൗലൊസിനും, ബർന്നബാസിനും, യാക്കോബിനും എല്ലാവർക്കും സംസാരിപ്പാൻ അവസരം ലഭിച്ചിരുന്നു. നമ്മോട് വിയോജിക്കുന്നവരോട് മസിൽ പിടിത്തത്തിലൂടെ നേടി എടുക്കാവുന്നതല്ല ഐക്യത. ഓരോരുത്തരുടേയും മനസിലുള്ളത് പറയാൻ അനുവദിക്കുക – ഈ മനസിലാക്കലോടെ: "*ഓരോ മനുഷ്യനും തന്റേതായ സംസാരമുണ്ട്; ഒരു മനുഷ്യനും തന്റേതായ വഴിയില്ല.*"

ഈ പ്രബോധന വാക്ക് നമുക്കു ശ്രദ്ധിക്കാം: മറ്റുള്ളവർ പറയുമ്പോൾ നമുക്കു ശ്രദ്ധിക്കാം. ജ്ഞാനി പറഞ്ഞു, "കേൾക്കും മുമ്പേ [അതായതു; ശ്രദ്ധിക്കുന്നതിനു മുൻപ്] ഉത്തരം പറയുന്നവന്നു അതു ഭോഷത്വവും ലജ്ജയും ആയിത്തീരുന്നു" (സദൃശവാക്യങ്ങൾ 18:13). പലപ്പോഴും മറ്റുള്ളവർ സംസാരിക്കുമ്പോൾ ശ്രദ്ധിക്കുന്നതിനു പകരം നാം പറയേണ്ടതിനെ കുറിച്ചു ചിന്തിക്കുകയായിരിക്കും. ശ്രദ്ധിക്കാൻ പഠിക്കുക, ശരിക്കും ശ്രദ്ധിക്കുക. ചെവി കൊണ്ടു മാത്രമല്ല, ഹൃദയം കൊണ്ടും ശ്രദ്ധിക്കുക. ചിലപ്പോൾ കുട്ടികൾ കപ്പലണ്ടി തുപ്പിക്കളയുന്നത് ഇഷ്ടമില്ലാതെയാണ്. മറ്റു ചിലപ്പോൾ അവരുടെ എതിർപ്പ് പ്രകടിപ്പിക്കുന്നത് കൊടുക്കുന്നത് തുപ്പിയാണ്. പ്രായമായവരും വലിയ വ്യത്യാസമൊന്നും ഉള്ളവരല്ല. വിവേചന ചെവിയോടെ നിങ്ങൾ ശ്രദ്ധിച്ചാൽ, "ആ പ്രശ്നമല്ല" യഥാർത്ഥ കാരണമെന്ന് ചർച്ച ചെയ്യുമ്പോൾ, മറ്റൊന്നാണെന്ന് കണ്ടെത്താൻ കഴിയും.

## ആളുകളിൽ ശ്രദ്ധിക്കുന്നതിനു പകരം ഞാൻ ശ്രദ്ധിക്കുന്നത് പ്രശ്നത്തിലാണോ? (15:7-11)

ഓരോരുത്തരും സംസാരിക്കാനുള്ളതു സംസാരിച്ച ശേഷം, പത്രൊസ് എഴുന്നേറ്റു സംസാരിപ്പാൻ തുടങ്ങി (വാക്യം 7). നമ്മുടെ കഴിഞ്ഞ പാഠത്തിൽ അവന്റെ പ്രസംഗം നാം പഠിച്ചതുകൊണ്ട്, അത് ഇവിടെ ആവർത്തിക്കുന്നില്ല – എന്നാൽ ഒരു നിമിഷം എടുത്ത് അതൊന്ന് വായിക്കുക (വാക്യങ്ങൾ 7–11). അന്ത്യോക്ക്യ സഭയിൽ വന്ന കുഴപ്പക്കാരെ എത്ര പ്രാവശ്യം പത്രൊസ് എടുത്തു പറയുന്നുണ്ട്? ഉത്തരം "ഒരു പ്രാവശ്യം പോലും" പറയുന്നില്ല എന്നാണ്. പൗലൊസിന്റെയും, ബർന്നബാസിന്റെയും, യാക്കൊബിന്റെയും സംസാരത്തെ ഒന്നു കണ്ണോടിക്കുക (വാക്യങ്ങൾ 12–29). യെഹൂദ ഉപദേഷ്ടാക്കളെ എത്ര പ്രാവശ്യം പറഞ്ഞു? അന്ത്യോക്ക്യ സഭയ്ക്കുള്ള ലേഖനത്തിൽ പറഞ്ഞു, "... ഞങ്ങളുടെ നടുവിൽ നിന്ന് ചിലർ ... [ആർ] ... നിങ്ങളെ ഭ്രമിപ്പിച്ചു ..." (വാക്യം 24), എന്നാൽ ഒരാളുടെ പോലും പേരെടുത്തു പറഞ്ഞില്ല. പത്രൊസും,

പൗലൊസും, ബർന്നബാസും, യാക്കൊബും ശ്രദ്ധിച്ചത് വ്യക്തികളില ല്ല, പ്രശ്നങ്ങളിലാണ്. എന്റെ അനുഭവത്തിൽ പേരെടുത്തു പറയുന്നതു അപൂർവ്വമായ ഗുണം[14] ചെയ്യും, പലപ്പോഴും വലിയ ദോഷമേ വരുത്തു. അതു പ്രശ്നങ്ങളിൽ നിന്നു നമ്മെ മാറ്റും. അതു മറികടക്കാൻ പറ്റാത്ത പിളർപ്പ് ലൂക്കൊസ് 16-ൽ പറയുന്നതു പോലെ ഉണ്ടാകും. നമ്മുടെ വേദ ഭാഗത്തിൽ നിന്നു പഠിക്കുക: വ്യക്തിത്വങ്ങളെയല്ല തത്വങ്ങളുമായി കൈകാര്യം ചെയ്യുക.

### ഞാൻ പുസ്തകത്തിൽ തന്നെ ഒതുങ്ങി നില്ക്കുന്നുവോ?
### (15:12-18)

പത്രൊസിന്റെ സംസാരം കൂട്ടത്തെ ശാന്തമാക്കി. പിന്നെ ബർന്ന ബാസും[15] പൗലൊസും അവരുടെ മിഷണറി യാത്രയെക്കുറിച്ചു പറഞ്ഞു. ലൂക്കൊസ് അവരുടെ വാക്കുകൾ രേഖപ്പെടുത്തിയില്ല. 13 ഉം 14 ഉം അദ്ധ്യാ യങ്ങളിൽ അതു വിശദീകരിച്ചു എന്നതാണ് കാരണം. ഒരിക്കൽ കൂടെ പൗലൊസും ബർന്നബാസും പറഞ്ഞു, "ദൈവം തങ്ങളെക്കൊണ്ട് ചെയ്യിച്ചത്" ഈ സമയത്ത്, എങ്ങനെയായാലും, അവരുടെ ഊന്നൽ *"അവരെക്കൊണ്ട് ചെയ്യിച്ച അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടായി രുന്നു"* (വാക്യം 12; എംഫസിസ് മൈൻ). ദൈവം അവരോടു കൂടെ ഉണ്ടായിരുന്നു എന്ന് ഈ അത്ഭുതങ്ങൾ തെളിയിക്കുന്നു (മത്തായി 2:4). അതുകൊണ്ട്, അവരുടെ ജാതികളോടുള്ള ശുശ്രൂഷ ദൈവം അംഗീക രിച്ചതായിരുന്നു.

അവർ സംസാരിച്ച ശേഷം, യാക്കൊബിന്റെ അവസരമായി – കർത്താവിന്റെ അർദ്ധ സഹോദരനായ യാക്കൊബ്[16] പറഞ്ഞതെല്ലാം യാക്കൊബ് ആദ്യം ഒന്നു ചുരുക്കി ആവർത്തിച്ചു പറഞ്ഞു: "അവർ പറഞ്ഞു നിവൃത്തിയ ശേഷം യാക്കൊബ് ഉത്തരം പറഞ്ഞതു: സഹോ ദരന്മാരേ, എന്റെ വാക്ക് കേട്ടുകൊൾവിൻ ദൈവം തന്റെ സമ്മതത്തി നായി ജാതികളിൽ നിന്നു ഒരു ജനത്തെ എടുത്തുകൊൾവാൻ ആദ്യമാ യിട്ടു കടാക്ഷിച്ചതു ശിമോൻ[17] വിവരിച്ചുവല്ലൊ" (വാക്യങ്ങൾ 13, 14). അവന്റെ പദപ്രയോഗം ചിലരെ ഞെട്ടിച്ചു കാണും. യെഹൂദന്മാരായി രുന്ന "ദൈവത്തിന്റെ നാമം വിളിച്ച ജനം – അതിനു വിപരീതമായി ജാതി കളെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്പോൾ ദൈവം *ജാതികളിൽ* നിന്നു അവന്റെ നാമം വിളിക്കുന്ന ജനത്തെ എടുത്തിയിരിക്കുന്നു"! (എംഫ സിസ് മൈൻ)

പിന്നെ യാക്കൊബ് ദൈവ വചനം എടുത്തു കൊർന്നല്യോസിന്റെ ഭവനത്തിലെ പരിവർത്തനം പ്രവചന നിവർത്തനം ആയിരുന്നു എന്നു കാണിച്ചു കൊടുത്തു. "ഇതിനോട് പ്രവാചകന്മാരുടെ വാക്യങ്ങളും വെക്കുന്നു" (വാക്യം 15). ആമോസ് 9:11, 12 ഉദ്ധരിച്ചുകൊണ്ടാണ് പറ ഞ്ഞത് (വാക്യങ്ങൾ 16–18).[18] സഭയിൽ വിവാദം ഉയരുമ്പോൾ നാം പുസ്ത കത്തോടു കൂടുതൽ അടുക്കണം. വിയോജിപ്പ് ഉപദേശപരമല്ലെങ്കിൽ പോലും, ബൈബിളിലെ തത്വങ്ങൾ പ്രശ്ന പരിഹാരത്തിനു സഹായക രമാകും. അങ്ങനെ നാം ദൈവേഷ്ടത്തിൽ തന്നെ എന്ന് ഉറപ്പിക്കയും ചെയ്യാം.

**ഉപസംഹാരം**


ഈ പാഠത്തിന്റെ ആരംഭത്തിൽ, വിവാദം എനിക്കിഷ്ടമില്ല എന്നു ഞാൻ പറഞ്ഞു. നാം ഈ പാഠം അവസാനിപ്പിക്കുമ്പോൾ, ഞാൻ നിങ്ങളോട് ചോദിക്കട്ടെ: വിവാദത്തെക്കുറിച്ച് *നിങ്ങൾക്ക് എന്തു തോന്നുന്നു?* സഹോദരന്മാർ വിയോജിച്ച് പ്രകടിപ്പിക്കുമ്പോൾ നാം എങ്ങനെ *പ്രതികരിക്കും?* നിങ്ങൾ പരിഭ്രാന്തരാകുമോ? നിങ്ങൾ നുറുങ്ങിപ്പോകുമോ? ഉപേക്ഷിക്കണമെന്ന് നിങ്ങൾക്കു തോന്നുമോ? ഈ പാഠത്തിലും, അടുത്തതിലും നാം ഒന്നും നേടിയില്ലെങ്കിലും, ദൈവസഹായത്തോടെ, വിവാദങ്ങൾ *കൈകാര്യം* ചെയ്യാൻ കഴിയും – അതുവഴി ദൈവത്തിനു മഹത്വം കൊടുക്കയും ചെയ്യും.

---


**ദൃശ്യ - സഹായക്കുറിപ്പുകൾ**

---

പ്രവൃത്തികൾ 15 ലെ യോഗം നാമധേയ വിഭാഗക്കാർ പറയുന്നതു പോലെ നാമധേയ കൗൺസിലോ, സമ്മേളനമോ ആയിരുന്നില്ല എന്ന് ഊന്നൽ കാണിക്കുവാൻ, താഴെ കാണുന്ന ചിത്രം. നാമധേയ വിഭാഗത്തെ സമ്മേളനത്തെ കാണിക്കുന്നതാണ്. നാമധേയ വിഭാഗ സമ്മേളനത്തെ കാണിക്കുന്നതാണ് അതു ബോർഡിലോ, വലിയ ഒരു പേപ്പറിലോ, അല്ലെങ്കിൽ ഒരു പ്രോജക്ടർ വഴിയോ കാണിക്കുക:




മുകളിലത്തേതിൽ നിന്നു വിപരീതമായി, പ്രവൃത്തികൾ 15 ലെ യോഗത്തിൽ ഉൾപ്പെടാത്തത് (1) ദൈവശ്വാസിയരല്ലാത്ത പുരുഷന്മാർ, (2) പ്രതിനിധികളും, (3) അഭിപ്രായ കാര്യങ്ങൾ. എന്നാൽ ഉൾപ്പെട്ടിരുന്നതു (1) ദൈവശ്വാസിയ പുരുഷന്മാർ, (2) "സഭ മുഴുവനും," (3) രക്ഷയുടെ കാര്യം. താഴെ കാണുന്ന ചിത്രം ശ്രദ്ധിക്കുക, പ്രവൃത്തികൾ 15–ൽ ഒരു സഭ ഒരു ചോദ്യവുമായി പുരുഷന്മാരെ ദൈവശ്വാസിയ പുരുഷന്മാർ ഉള്ളതായ മറ്റൊരു സഭയിലേക്കു അയക്കുന്നതാണ്.




ഈ ചിത്രം കത്തോലിക്കാ സഭാ കൗൺസിലും യെരുശലേം സമ്മേള

നവും തമ്മിലുള്ള വ്യത്യാസം കാണിക്കാൻ ഉപയോഗിക്കാം.

## **പ്രസംഗക്കുറിപ്പുകൾ**

6 മുതൽ 29 വരെയുള്ള വാക്യങ്ങളിലെ പരസ്യയോഗം താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ ബാഹ്യരൂപ രേഖ തയ്യാറാക്കാം. (1) പത്രൊസിന്റെ വിവേചിക്കൽ (വാക്യങ്ങൾ 7-11). (2) ബർന്നബാസിന്റെയും പൗലൊസിന്റെയും വിവരണങ്ങൾ (വാക്യം 12), യാക്കൊബിന്റെ ശുപാർശ (വാക്യങ്ങൾ 13-29).

---

കുറിപ്പുകൾ

[1]അതു ശരിയായി കൈകാര്യം ചെയ്തിരുന്നില്ല, ഈ വിവാദം മറ്റനേകം ഇടവകകളിലേക്കു വ്യാപിക്കാനിടയുണ്ട്. [2]വീണ്ടും ഞാൻ ഗലാത്യർ 2-ൽ നിന്നും അല്പം വിശദീകരണം ചേർക്കട്ടെ (രണ്ടും ഒന്നു തന്നെ എന്നു കരുതി). [3]ഒന്നോ അല്ലെങ്കിൽ രണ്ടോ ഒഴികഴിവു സംഭവിച്ചേക്കാം (ചിലർക്കു വിവാദം വേണമെന്നു തോന്നാം) എന്നാൽ പൊതുവിൽ ഈ പ്രസ്താവന വാസ്തവമാണ്. [4]അടുത്ത പാഠം നോക്കുക. [5]*നാം സാധാരണ* "ദൈവം പാപത്തെ വെറുക്കുകയും, പാപിയെ സ്നേഹിക്കയും ചെയ്യും" എന്നു പറയാറുണ്ട്. ഈ കാര്യത്തിൽ, വേദഭാഗം പറയുന്നു. [6]ചിലപ്പോൾ പുറമേ നിന്നുള്ള സഹായം തേടുന്ന "നേരിട്ടുള്ള" വഴി സന്ദർഭാവശാൽ, ഇടവകയെ പരിഭ്രാന്തിയിലാക്കിയ ഉപദേശപരമോ, പ്രായോഗികമോ ആയ ഒന്നിലധികമോ വിഷയങ്ങളെക്കുറിച്ചു പ്രസംഗിക്കാൻ എന്നെ ക്ഷണിച്ചിട്ടുണ്ട്. അതു സ്നേഹത്തോടും വിനയത്തോടും ചെയ്തിട്ടുണ്ട്. ഇതു ചില സമയത്ത് കലങ്ങിയ വെള്ളത്തെ ശാന്തമാക്കിയിട്ടുണ്ട്. [7]വാരെൻ. ഡബ്ലിയു. വിയേഴ്സ്ബേ ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം 1. [8]എഫ്. ഡബ്ലിയു. ഫരാർ, *ദി ലൈഫ് ആന്റ് വർക്ക് ഓഫ് സെന്റ് പോൾ*, വാല്യം 1 (ലണ്ടൻ: കാസെൽ, പെറ്റെർ, ഗാൾഫിൻ ആന്റ് കമ്പനി, 1879), 431, ജെ. ഡബ്ലിയു മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി, n.d.), 70, n. [9]"അവരുടെ വഴിക്കു പോയി" എന്നതു സൂചിപ്പിക്കുന്നതു പോയ കാര്യം സാധിക്കയും അനുഗ്രഹമായി തീരുകയും ചെയ്തു എന്നാണ്. [10]ഫൊയ്നിക്യയിലേയും ശമര്യയിലേയും സഹോദരങ്ങൾക്ക് ജാതിക ളിൽ നിന്നു ക്രിസ്ത്യാനികളായവരോട് ദുരഭിമാനം ഇല്ലായിരുന്നു. പക്ഷെ യെരുശലേമിലെ ചില സഹോദരങ്ങൾക്കുണ്ടായിരുന്നു. യവനന്മാരായിരുന്ന യെഹൂദ ക്രിസ്ത്യാനികളുടെ പ്രവർത്തന ഫലമായി ഉണ്ടായതായിരുന്നു സഭകൾ (8:5-25; 11:19).

[11]അതൊരു ഉദ്ദേശം മുന്നൂറു - മൈലോളം ഉള്ള യാത്രയായിരുന്നു, അതുകൊണ്ട് അതിനു കുറെ സമയം വേണ്ടി വന്നു. [12]യെരുശലേം സഭയിലെ നേതൃത്വം അപ്പൊസ്തലന്മാരുടെ താല്ക്കാലിക സ്ഥാനങ്ങളിൽ നിന്നു മൂപ്പന്മാരുടെ സ്ഥിരമായ സ്ഥാനത്തിലേക്കു നീങ്ങിയതു ശ്രദ്ധിക്കുക. പ്രവൃത്തികൾ 15-ൽ എല്ലായ്പ്പോഴും തീരുമാനം - എടുക്കുന്നത് മൂപ്പന്മാരായിരുന്നു (വാക്യങ്ങൾ 2, 4, 6, 22, 23). [13]"തർക്കം" എന്ന വാക്ക് 2-ാം വാക്യത്തിലെ "തർക്കിക്കുക" എന്നതും ഒരേ ഗ്രീക്കുവാക്കിന്റെ തർജ്ജിമയാണ്. വാദപ്രതിവാദം ചൂടേറിയതായിരുന്നു; യോഗം ശബ്ദായനമായിരുന്നു! [14]ദൈവശ്വാസിയ എഴുത്തുകാർ ചിലപ്പോൾ എതിർക്കുന്നവരുടെ പേർ പറഞ്ഞിട്ടുള്ളതു കൊണ്ട് (1 തിമൊഥെയൊസ് 1:20; 3 യോഹന്നാൻ 9; തുടങ്ങിയവ) ദുരുപദേഷ്ടാക്കളുടെ പേർ ചിലപ്പോൾ പറയേണ്ട സാധ്യത തള്ളിക്കളയുന്നില്ല. എങ്ങനെയായാലും, *പരിശുദ്ധാത്മാവു* പുതിയ

നിയമ എഴുത്തുകാരോട് അങ്ങനെ ചെയ്യേണ്ട ശരിയായ സമയം പറഞ്ഞിരുന്നു. ഞാൻ ദൈവശ്വാസിയനല്ലാത്തതുകൊണ്ട് ഇവരെ പേരെടുത്തു പറയുന്നതിൽ നിന്നു വിട്ടു നില്ക്കുകയാണ്. [15]ബർന്നബാസിനെ ലൂക്കൊസ് ആദ്യം പറയുവാൻ കാരണം, യെരുശലേമിൽ ബർന്നബാസ് കൂടുതൽ ബഹുമാന്യനായിരുന്നു. [16]പ്രവൃത്തികൾ 12:17; 21:18; 1 കൊരിന്ത്യർ 15:7; ഗലാത്യർ 1:19; 2:12; യാക്കൊബ് 1:1. [17]യാക്കൊബ് ഉപയോഗിച്ചത് ശിമോൻ (പത്രൊസ്) എന്നതു എബ്രായ പേരിന്റെ വകഭേദമാണ് (കൂടാതെ പൗലൊസും ബർന്നബാസും പറഞ്ഞതല്ല യാക്കൊബ് ചെയ്തത്) അതു യെഹൂദന്മാർക്കു "പരിച്ഛേദനക്കാരോട്" അപേക്ഷിക്കാമെന്നും കരുതിയിരിക്കാം. [18]യാക്കൊബിനു ധാരാളം പ്രവചനങ്ങൾ ഉദ്ദരിക്കാൻ കഴിയുമായിരുന്നു. ഉദാഹരണത്തിനു യെശയ്യാവ് 2:2-4; 49:6; മീഖാ 4:1-4 (ലൂക്കൊസ് എല്ലാ പ്രസംഗങ്ങളും ചുരുക്കമായി രേഖപ്പെടുത്തിയതും ഉദ്ധരിക്കാമായിരുന്നു).